(സി) അന്വേഷണഫലമായി കുറക്കാരെന്നു കണ്ട മൂന്നുപേരുടെ പേരിൽ നടപടികളെടുത്തു. ചില പരാതികളെപ്പറ്റിയുള്ള അന്വേഷണം പൂർത്തിയായിട്ടില്ല.

സ്വരാജ് കമ്പനിക്കാർ.

൪൪൫. [൩] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ .

(എ) രണ്ടുവർഷക്കാലമായി സ്വരാജ് കമ്പനിക്ക് എത്ര പുതിയ പെർമിറ്റുകൾ കൊടുത്തിട്ടുണ്ട്;

(ബി) സ്വരാജ് കമ്പനിക്കാരുടെ അപേക്ഷയനുസരിച്ച് പെർമിറ്റ് അനുവദിച്ചിരുന്ന വല്ല വണ്ടികൾക്കും സ്റ്റേ കൊടുത്തിട്ടുണ്ടോ;

(സി) രണ്ടുവർഷക്കാലമായി സ്വരാജ് കമ്പനി എത്ര ലൈനുകൾ വിറ്റിട്ടുണ്ട് എന്നുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം.

(എ) ഏഴു.
(ബി) ഉണ്ട്.
(സി) ഉണ്ട്.

പോലീസ് സ്റ്റേഷനിൽ ശിരോമുണ്ഡനം.

൪൪൬. [൨൨] ശ്രീ. പി. വി. അവിരാതരകൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തക്കല പോലീസ് സ്റ്റേഷനിൽ ഏതാനുംപേരെ മുണ്ഡനം ചെയ്തിച്ചുവെന്നുള്ള വാർത്ത ഗവണ്മെൻറ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേരെ ; ആരാണ് അതു് ചെയ്തിച്ചതു്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ൩ പേരെ. അന്വേഷണത്തിൽ ഹെഡ് കോൺസ്റ്റബിൾ നമ്പർ ൭൫൨ വി മാധവൻ പിള്ളയും, പോലീസ് കോൺസ്റ്റബിൾ നമ്പർ ൭൫൨ ഐ രാമസ്വാമി അയ്യരും ഇതിൽ കുറക്കാരാണെന്നു കണ്ടു.

ഇൻഡസ്ട്രിയൽ ലോൺ.

൪൪൭. [൨൪] ശ്രീ. കെ. കുമാരപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ എത്ര വ്യവസായ സ്ഥാപനങ്ങൾക്ക് ഇൻഡസ്ട്രിയൽ ലോൺ അനുവദിച്ചിട്ടു;

LIBRARY ARCHIVES Kerala Legislative Assembly